REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 04-04-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **രണ്ടാം ഘട്ടത്തിൽ ലോക്സഭാ തെരഞ്ഞെടുപ്പ് നടക്കുന്ന കേരളമടക്കം 12 സംസ്ഥാനങ്ങളിലെ 88 സീറ്റുകളിൽ പത്രികാ സമർപ്പണം ഇന്ന് അവസാനിയ്ക്കും.**
- **സംസ്ഥാനത്തെ പോളിംഗ് സ്റ്റേഷനുകൾ വോട്ടർ സൗഹൃദമാക്കാനും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാനും മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ മാർഗനിർദേശം പുറപ്പെടുവിച്ചു.**
- **സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷനായി ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് S. മണികുമാറിനെ നിയമിച്ചു.**
- **സംസ്ഥാനത്തെ 11 ജില്ലകളിൽ ഞായറാഴ്ച വരെ കനത്ത ചൂട് തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **ISL ഫുട്ബോൾ അവസാന ഹോം മത്സരത്തിൽ കേരളാ ബ്ലാസ്റ്റേഴ്സിന് തോൽവി.**

## വാർത്തകൾ വിശദമായി

**രണ്ടാം ഘട്ടത്തിൽ ലോക്സഭാ തെരഞ്ഞെടുപ്പ് നടക്കുന്ന കേരളമടക്കം 12 സംസ്ഥാനങ്ങളിലെ 88 സീറ്റുകളിൽ നാമനിർദ്ദേശ പത്രികാ സമർപ്പണം ഇന്ന് അവസാനിയ്ക്കും. കേരളത്തിൽ - 20, കർണാടകയിൽ - 14, രാജസ്ഥാനിൽ - 13,**

ഉത്തർപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ എട്ട് വീതം മധ്യപ്രദേശിൽ ഏഴ്, അസം, ബിഹാർ അഞ്ച് വീതം, പശ്ചിമ ബംഗാൾ, ഛത്തീസ്ഗഡ് മൂന്ന് വീതം മണിപ്പൂർ ത്രിപുര, ജമ്മു കശ്മീർ എന്നിവിടങ്ങളിൽ ഓരോ സീറ്റിലുമാണ് രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുപ്പ്. ഇവിടങ്ങളിൽ ഏപ്രിൽ 26 ന് വോട്ടെടുപ്പ് നടത്തും. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന നാളെയാണ്. എന്നാൽ ജമ്മുകശ്മീരിലെ ഒരു സീറ്റിൽ സൂക്ഷ്മ പരിശോധന മറ്റന്നാളാണ്. അടുത്ത തിങ്കളാഴ്ച വരെ പത്രിക പിൻവലിയ്ക്കാം.

കേരളത്തിൽ ഇന്നലെ 87 സ്ഥാനാർത്ഥികൾ നാമനിർദ്ദേശ പത്രിക നൽകി. പല സ്ഥാനാർത്ഥികളും ഒന്നിലേറെ സെറ്റ് പത്രിക നൽകിയതിനാൽ ഇന്നലെ ആകെ ലഭിച്ചത് 152 പത്രികയാണ്. സംസ്ഥാനത്ത് ഇതുവരെ 143 പേരാണ് ലോക്സഭാ തെരഞ്ഞെടുപ്പിന് പത്രിക നൽകിയത്. കൊല്ലത്തും തൃശൂരും 11 പേർ വീതം പത്രിക നൽകി. കാസർകോട്ടും കണ്ണൂരും 10 പേർ വീതമാണ് പത്രിക സമർപ്പിച്ചത്. ഏറ്റവും കുറവ് സ്ഥാനാർത്ഥികൾ പത്തനംതിട്ടയിലാണ് - മൂന്ന് മാത്രം. ഇന്ന് രാവിലെ 11 മുതൽ വൈകീട്ട് മൂന്ന് വരെ പത്രിക നൽകാം.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പ് സാഹചര്യത്തിൽ അന്തർ സംസ്ഥാന അതിർത്തികളിലും രാജ്യാതിർത്തികളിലും കർശന ജാഗ്രത പുലർത്താൻ തെരഞ്ഞെടുപ്പ് കമ്മീഷൻ സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകി. വോട്ടർമാരെ

സ്വാധീനിക്കാൻ വ്യാജ മദ്യവും പണവും മയക്കു മരുന്നും ആയുധങ്ങളുമടക്കം പുറമെനിന്ന് കൊണ്ടുവരുന്നത് തടയണമെന്ന് ചീഫ് സെക്രട്ടറിമാർക്കും DGP മാർക്കും നൽകിയ കത്തിൽ കമ്മീഷൻ ആവശ്യപ്പെട്ടു. സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും ക്രമസമാധാന സാഹചര്യം ഇന്നലെ ഡൽഹിയിൽ കമ്മീഷൻ വിലയിരുത്തി.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്തെ പോളിംഗ് സ്റ്റേഷനുകൾ വോട്ടർ സൗഹൃദമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ..

..... വോയിസ് .....

പോളിംഗ് ബൂത്തുകളുടെ സ്ഥാനം, ലഭ്യമായ സൗകര്യങ്ങൾ, സഹായകേന്ദ്രം എന്നിവയെക്കുറിച്ച് ശരിയായ അടയാളങ്ങൾ പോളിംഗ് സ്റ്റേഷനുകളിൽ സ്ഥാപിക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ പുറത്തിറക്കിയ മാർഗനിർദേശങ്ങളിൽ പറയുന്നു. മലയാളത്തിലും ഇംഗ്ലീഷിലും നീലയും വെള്ളയും അക്ഷരങ്ങളിലാണ് ഇവ തയ്യാറാക്കേണ്ടത്.

പോളിംഗ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്ന സ്കൂളുകളിൽ ചുമരുകളിൽ സ്ഥാപിച്ചിരിക്കുന്ന ചിത്രങ്ങളും ഭൂപടങ്ങളും കേട് വരാതിരിക്കാൻ പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് മുഖ്യ

തെരഞ്ഞെടുപ്പ് ഓഫീസർ നിർദേശിച്ചു. പോളിംഗ് ബൂത്തുകളിലെ ഫർണീച്ചറുകൾ ഒരു തരത്തിലും നശിപ്പിക്കുവാൻ പാടില്ല.

വോട്ടെടുപ്പിന് ശേഷം പോളിംഗ് സ്റ്റേഷനുകളിലെ പാഴ് വസ്തുക്കൾ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് നീക്കം ചെയ്തുവെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ ഉറപ്പാക്കണം. പോളിംഗ് ബൂത്തുകൾക്ക് സമീപം ആവശ്യമായ ശുചിമുറി സൗകര്യം ഒരുക്കണം. നാലിലേറെ കൂടുതൽ പോളിംഗ് സ്റ്റേഷനുകൾ ഒരേ സ്ഥലത്ത് ഉണ്ടെങ്കിൽ വോട്ടർമാരെ അനുഗമിക്കുന്ന കുട്ടികൾക്ക് ക്രെഷ് ക്രമീകരണം ഒരുക്കണം.

മുതിർന്ന വോട്ടർമാർക്കും ഭിന്നശേഷിക്കാർക്കും ക്യൂ നിൽക്കാതെ പോളിംഗ് സ്റ്റേഷനുകളിൽ പ്രവേശിക്കാൻ മുൻഗണന ഉറപ്പാക്കണം. കുടിവെള്ളം, വെയിൽ ഏൽക്കാതെ നിൽക്കാൻ ആവശ്യമായ സൗകര്യം എന്നിവയും ഒരുക്കണമെന്നും മാർഗ്ഗ നിർദ്ദേശത്തിൽ പറയുന്നു.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിന് കണ്ണൂർ ജില്ലയിലെ 11 നിയമസഭാ മണ്ഡലങ്ങളിലേക്ക് ആവശ്യമായ ഇലക്ട്രോണിക് വോട്ടിങ് മെഷിനുകൾ സ്ട്രോങ് റൂമുകളിലേക്ക് വിതരണം ചെയ്തു. ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കലക്ടറുടെ സാന്നിധ്യത്തിലായിരുന്നു വിതരണം.

✪✪✪

INDIA മുന്നണിയിൽ അർധസമ്മതത്തോടെ നിൽക്കുന്ന കേരളത്തിലെ ഇടതുമുന്നണി അല്ല രാഹുൽ ഗാന്ധി നയിക്കുന്ന

കോൺഗ്രസിന്റെ എംപിമാരാണ് പാർലമെന്റിൽ എത്തേണ്ടതെന്ന് മുസ്ലീം ലീഗ് ദേശിയ ജനറൽ സെക്രട്ടറി P.K കുഞ്ഞാലിക്കുട്ടി പറഞ്ഞു. കോഴിക്കോട് ലോക്സഭാ മണ്ഡലത്തിലെ UDF-ന്റെ പ്രചാരണ പരിപാടി എലത്തൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു കുഞ്ഞാലിക്കുട്ടി.

✪✪✪

തൃശൂരിലെ NDA സ്ഥാനാർത്ഥി സുരേഷ് ഗോപി ഇന്ന് നാമനിർദ്ദേശ പത്രിക നൽകും. രാവിലെ പാറമേക്കാവ് ക്ഷേത്ര ദർശനത്തിനും തുടർന്ന് അയ്യന്തോൾ അമർ ജവാൻ ജ്യോതിയിലെ പുഷ്പാർച്ചനയ്ക്കും ശേഷമായിരിക്കും പത്രിക സമർപ്പണം.

UDF സ്ഥാനാർത്ഥി K. മുരളീധരനും ഉച്ചയോടെ പത്രിക നൽകും. ഗുരുവായൂർ ക്ഷേത്ര ദർശനവും പടിഞ്ഞാറെക്കോട്ടയിൽ K. കരുണാകരന്റെ പ്രതിമയിൽ പുഷ്പാർച്ചനയും നടത്തിയ ശേഷമായിരിക്കും മുരളീധരൻ പത്രിക നൽകുന്നത്.

LDF സ്ഥാനാർത്ഥി V.S. സുനിൽ കുമാർ ഇന്നലെ പത്രിക നൽകിയിരുന്നു.

✪✪✪

എറണാകുളം മണ്ഡലം UDF സ്ഥാനാർഥി ഹൈബി ഈഡൻ ഇന്ന് നാമ നിർദ്ദേശ പത്രിക സമർപ്പിക്കും. 11 മണിയോടെയായിരിക്കും പത്രിക സമർപ്പണം.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിൽ ഒരു മുന്നണിക്കൊപ്പവും സ്ഥിരമായി നിൽക്കാത്ത പൂർവ്വകാലചരിത്രമാണ് കൊല്ലം മണ്ഡലത്തിന്റേത്. സ്ഥാനാർത്ഥികളുടെ വ്യക്തിപ്രഭാവവും, പ്രചാരണരംഗത്തെ മത്സരവും ഫലം ഇക്കുറിയും പ്രവചനാതീതമാക്കുന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.........

...........വോയ്സ്.............

✪✪✪

വയനാട്ടിലെ UDF റാലിയിൽ ഒരു പാർട്ടിയുടെയും കൊടി ഉപയോഗിക്കാത്തത് പുതിയ രീതി അവലംബിച്ചതുകൊണ്ടാണെന്ന് AICC പ്രവർത്തക സമിതിയംഗം രമേശ് ചെന്നിത്തല കോഴിക്കോട് പറഞ്ഞു. ഒരു കക്ഷിയുടേയും കൊടി ഉപയോഗിച്ചില്ലെന്നും പകരം പ്ലക്കാർഡുകളാണ് ഉയർത്തിയതെന്ന് അദ്ദേഹം വ്യക്തമാക്കി.

കോഴിക്കോട് LDF-നെതിരെ UDF നൽകിയ പെരുമാറ്റച്ചട്ട ലംഘന പരാതിയിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ നടപടി എടുക്കണമെന്നും ചെന്നിത്തല ആവശ്യപ്പെട്ടു.

✪✪✪

രാഷ്ട്രീയ പ്രത്യയശാസ്ത്ര ബന്ധങ്ങൾ കണക്കിലെടുത്താണ് പുതിയ സൈനിക സ്കൂളുകൾ അനുവദിച്ചതെന്ന മാധ്യമ റിപ്പോർട്ടുകൾ രാജ്യരക്ഷാമന്ത്രാലയം നിഷേധിച്ചു. ഈ പ്രചാരണങ്ങൾ

അടിസ്ഥാനരഹിതമാണ്. രാജ്യത്തെ 33 സൈനിക സ്കൂളുകളുടെ ശ്രദ്ധേയ വിജയം കണക്കിലെടുത്ത് കൂടുതൽ സ്കൂളുകൾ അനുവദിക്കണമെന്ന ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണ് പുതിയ സ്കൂളുകൾ അനുവദിച്ചതെന്ന് രാജ്യരക്ഷാമന്ത്രാലയം വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്തെ 11 ജില്ലകളിൽ ഞായറാഴ്ച വരെ കനത്ത ചൂട് തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. രണ്ട് മുതൽ നാലു ഡിഗ്രി വരെ കൂടുതലായിരിക്കും ഇവിടങ്ങളിൽ പകൽ ചൂട്. തിരുവനന്തപുരവും, ഇടുക്കിയും ഒഴികെ ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷനായി കേരള ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് S. മണികുമാറിനെ നിയമിച്ചു. സംസ്ഥാന ഗവൺമെന്റ് ശുപാർശയ്ക്ക് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അംഗീകാരം നൽകി. തിരഞ്ഞെടുപ്പ് കമ്മീഷന്റെ അംഗീകാരത്തോടെ നിയമന ഉത്തരവ് പുറപ്പെടുവിക്കും. കാലാവധി പൂർത്തിയാക്കിയ ജസ്റ്റിസ് ആന്റണി ഡൊമനിക്കിന് പകരമാണ് ജസ്റ്റിസ് മണികുമാറിന്റെ നിയമനം. പ്രതിപക്ഷ നേതാവ് V.D സതീശൻ നിയമനത്തിനെതിരെ വിയോജനക്കുറിപ്പ് നൽകിയിരുന്നു.

✪✪✪

കഴിഞ്ഞദിവസം അതിഥി തൊഴിലാളി എറണാകുളം - പാട്ന എക്സ്പ്രസിൽ നിന്ന് തള്ളിയിട്ട് കൊലപ്പെടുത്തിയ

റെയിൽവേ TTE, വി വിനോദിന്റെ മൃതദേഹം ഇന്നലെ വൈകിട്ട് എറണാകുളം ഏലൂർ ശ്മശാനത്തിൽ സംസ്കരിച്ചു. നേരത്തെ തൃശൂർ മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടത്തിനു ശേഷം വീട്ടിൽ എത്തിച്ച മൃതദേഹത്തിൽ, സമൂഹത്തിന്റെ നാനാ തുറകളിൽ പെട്ട ഒട്ടേറെ പേർ അന്തിമോപചാരം അർപ്പിച്ചു.

✪✪✪

TTE-യെ ട്രെയിനിൽ നിന്ന് തള്ളിയിട്ടു കൊലപ്പെടുത്തിയ കേസിലെ പ്രതി രജനികാന്ത രണജിത്തിനെ റെയിൽവേ പോലീസ് സംഭവസ്ഥലത്ത് എത്തിച്ച് തെളിവെടുപ്പ് നടത്തി. ഇയാളെ 14 ദിവസത്തേക്ക് കോടതി റിമാൻഡ് ചെയ്തു.

✪✪✪

ISL ഫുട്ബോളിൽ, കൊച്ചിയിൽ സീസണിലെ അവസാന ഹോം മത്സരത്തിൽ കേരളാ ബ്ലാസ്റ്റേഴ്സിന് തോൽവി. രണ്ടിനെതിരെ നാല് ഗോളിന് ഈസ്റ്റ് ബംഗാളാണ് ബ്ലാസ്റ്റേഴ്സിനെ പരാജയപ്പെടുത്തിയത്. ഇതോടെ പോയിന്റ് പട്ടികയിൽ ബ്ലാസ്റ്റേഴ്സ് അഞ്ചാം സ്ഥാനത്തായി. ഇന്ന് വൈകിട്ട് ഏഴരക്ക്, ചെന്നൈയിൻ FC, ജംഷെഡ്പൂർ FC- യെ നേരിടും.

✪✪✪

വിശാഖപട്ടണത്ത് IPL ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ഡൽഹി ക്യാപിറ്റൽസിനെ 106 റൺസിന് തോൽപ്പിച്ചു. ഇന്ന് വൈകിട്ട് ഏഴരയ്ക്ക് അഹമ്മദാബാദിൽ ഗുജറാത്ത് ടൈറ്റൻസ് പഞ്ചാബ് കിങ്സിനെ നേരിടും.

✪✪✪

ഇരിങ്ങാലക്കുട മൂർക്കനാട് ഉത്സവത്തിനിടെ ഉണ്ടായ സംഘർഷത്തിൽ യുവാവ് കുത്തേറ്റു മരിച്ചു. മനക്കൊടി സ്വദേശി അക്ഷയ് ആണ് മരിച്ചത്. ആറുപേർക്ക് കുത്തേറ്റു. ഇതിൽ 5പേരുടെ നില ഗുരുതരമാണെന്നാണ് റിപ്പോർട്ട്.

✪✪✪

കൊല്ലം നഗരത്തിൽ കടലാക്രമണം രൂക്ഷമായ മുണ്ടയ്ക്കൽ പാപനാശനം മുതൽ കൊല്ലം ബീച്ച് വരെ നാല് പുലിമുട്ടുകൾ നിർമിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കി. സാഹചര്യം കണക്കിലെടുത്ത് പെരുമാറ്റച്ചട്ടത്തിൽ ഇളവ് നേടി, പുലിമുട്ട് നിർമ്മാണം കാലതാമസം ഇല്ലാതെ ആരംഭിക്കാനാണ് നടപടി.

✪✪✪

കോഴിക്കോട് ജില്ലയിൽ മഞ്ഞപ്പിത്തത്തിനെതിരെ ജാഗ്രത പുലർത്തണമെന്ന് ആരോഗ്യവകുപ്പ് നിർദ്ദേശം നൽകി. ജില്ലയിൽ പലയിടത്തും ഹെപ്പറ്റൈറ്റിസ് A വിഭാഗത്തിൽ പെട്ട രോഗം വ്യാപിക്കുന്ന സാഹചര്യത്തിലാണ് മുന്നറിയിപ്പ്.

✪✪✪